## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്– സംയോജിത ശിശു സംരക്ഷണ പദ്ധതി – ഗവ. ചിൽഡ്രൻസ് ഹോമിലെ കുട്ടികളെയും, എൻട്രി ഹോം, SOS മോഡൽ ഹോം എന്നിവിടങ്ങളിലെ കുട്ടികളെയും പങ്കെടുപ്പിച്ച് കൊണ്ട് സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് (വർണ്ണച്ചിറുകുകൾ 2026) സംഘടിപ്പിക്കുന്നത് - ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ. ഉ. (സാധാ) നം. 235/2025/WCDD തിയതി 29.05.2025
2. വനിത ശിശു വികസന ഡയറക്ടറുടെ 11.12.2025 ലെ DWCD/7113/2025-ICPS 2 നമ്പരായുള്ള ഉത്തരവ്

**<u>ഉത്തരവ് നം: DWCD/1922/2024-D1 ; തീയതി: 29-12-2025</u>**

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോം, എൻട്രി ഹോം, SOS മോഡൽ ഹോം എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോൽസാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് (വർണ്ണച്ചിറുകുകൾ 2026) 2026 ജനുവരി മാസം 2, 3, 4 തിയതികളിൽ തിരുവനന്തപുരം വഴുതക്കാട് ഗവ. വിമൺസ് കോളേജിൽ വച്ച് സംഘടിപ്പിക്കുന്നു.

മേൽസാഹചര്യത്തിൽ സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് (വർണ്ണച്ചിറുകുകൾ 2026) പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലയിലെ, വകുപ്പിലെ മുഴുവൻ കരാർ വാഹനങ്ങളും ഡ്രൈവർ സഹിതം 2026 ജനുവരി മാസം 2, 3, 4 തിയതികളിൽ നിയോഗിച്ച് കൊണ്ട് ഉത്തരവാകുന്നു. എല്ലാ വാഹനങ്ങളും 02.01.2026 രാവിലെ 07.30-ന് തിരുവനന്തപുരം വിമൺസ് കോളേജിൽ, വകുപ്പിന്റെ വാഹന രജിസ്ട്രേഷൻ കൗണ്ടറിൽ എത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഒരുക്കങ്ങൾക്കായി 2026 ജനുവരി മാസം 1-ാം തിയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ അതിയന്നൂർ, അതിയന്നൂർ അഡീഷണൽ, നേമം അഡീഷണൽ, പോത്തൻകോട് എന്നീ ഐസിഡിഎസ് കര്യാലയങ്ങളിലെ വാഹനങ്ങളും, വൈകുന്നേരം 4 മണി മുതൽ തിരുവനന്തപുരം ,അർബൻ-1 അർബൻ-2, അർബൻ-3, അർബൻ-4 എന്നീ ഐസിഡിഎസ് കര്യാലയങ്ങളിലെ വാഹനങ്ങളും ഡ്രൈവർ സഹിതം ഈ കാര്യലയത്തിൽ ഹാജരായിരിക്കേണ്ടതാണ്.

കൂടാതെ പ്രസ്തുത പരിപാടിയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി 26.12.2025 മുതൽ ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്നതനുസരിച്ച് വാഹനങ്ങൾ ഹാജരാക്കേണ്ടതുമാണ്.

സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് പരിപാടിക്കായി നിയോഗിച്ചിട്ടുള്ള വാഹനങ്ങൾ ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി കൺവീനറുടെ അനുമതിയോടു കൂടി മാത്രമേ മടങ്ങി പോകാവൂ. ഔദ്യോഗിക വാഹനം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന കാര്യാലയ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ് .

എല്ലാ കാര്യാലയ മേധാവികൾക്കും,
തിരുവനന്തപുരം ജില്ല.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം.
2. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്